പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2382

12.06.2018 ലെ മറുപടിയ്ക്ക്

## സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ കമ്പ്യൂട്ടർവത്കരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം. സ്വരാജ് | | ഡോ: ടി. എം.തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പമന്ത്രി |
| എ | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ കമ്പ്യൂട്ടർവത്കരണം, സോഫ്റ്റ് വെയർ നിർമ്മിക്കുന്ന കെൽട്രോണുമായുള്ള തർക്കം കാരണം തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി | കെൽട്രോണുമായി ഉണ്ടാക്കിയ കരാർ പ്രകാരം എത്ര കാലം കൊണ്ട് സോഫ്റ്റ് വെയർ തയ്യാറാക്കി നൽകണമെന്നും, ഇതിലേയ്ക്കായി എത്ര തുക അനുവദിക്കുമെന്നും, അതിന്റെ വിതരണം എത്ര വീതം ഏതെല്ലാം ഘട്ടത്തിൽ നടത്തുമെന്നുമാണ് വ്യക്തമാക്കിയിരിക്കുന്നത് എന്ന് അറിയിക്കുമോ; | കെൽട്രോണുമായി ഉണ്ടാക്കിയ കരാർ പ്രകാരം 70 ദിവസം കൊണ്ട് സോഫ്റ്റ് വെയർ തയ്യാറാക്കി നൽകണമെന്നും, ഇതിലേയ്ക്കായി 1,22,82,982/- രൂപ നാല് ഘട്ടത്തിലായി വിതരണം ചെയ്യണമെന്നുമാണ് വ്യക്തമാക്കിയിരുന്നത്. കരാർ തീയതി മുതൽ ഒരു മാസം പൂർത്തിയാകുമ്പോൾ ആദ്യഘട്ടമായി കരാർ തുകയുടെ30 ശതമാനവും രണ്ടാം ഘട്ടമായി രണ്ടു മാസം പൂർത്തിയാകുമ്പോൾ 60 ശതമാനവും (ആദ്യതവണ തുക ഉൾപ്പെടെ)മൂന്നാം ഘട്ട സോഫ്റ്റ് വെയർ വികസനം പൂർണ്ണമായും പൂർത്തിയാക്കി, സോഫ്റ്റ് വെയർ ആഡിറ്റ് നടത്തി അതുപ്രകാരമുള്ള പിഴവുകൾ പരിഹരിച്ചതിനുശേഷം കരാർ തുകയുടെ 90 ശതമാനവും (ആദ്യ രണ്ടു തവണ തുകകൾ ഉൾപ്പെടെ) പൂർത്തീകരണത്തിനുശേഷം ഒരു വർഷത്തെ വാറണ്ടി കാലാവധി കഴിഞ്ഞതിനുശേഷം ശേഷിക്കുന്ന 10 ശതമാനവും നൽകാനാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സോഫ്റ്റ്വെയറിന്റെ പ്രവർത്തനം തൃപ്തികരമാകും വരെ ഭരണാനുമതി ഉത്തരവ് പ്രകാരമുള്ള തുക അധികരിക്കാത്തവിധം ടി പ്രവർത്തി തുടരുന്നതിനും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| സി | എന്നാണ് കെൽട്രോണുമായി കരാറിലേർപ്പെട്ടതെന്ന് അറിയിക്കുമോ; | 30/10/2010-ലാണ് കെൽട്രോണുമായി കരാറിലേർപ്പെട്ടത് |
| ഡി | എന്താണ് നിലവിൽ കമ്പ്യൂട്ടർവത്കരണത്തിന് തടസ്സം വരാനുള്ള കാരണമെന്ന് അറിയിക്കുമോ; | 2010 ൽ നടപ്പാക്കിയ സോഫ്റ്റ്‌വെയർ കാലോചിതമായി പരിഷ്കരിക്കാതിരുന്നതിനാലാണ് തടസ്സം നേരിട്ടത്. |
| ഇ | അടിയന്തരമായി കമ്പ്യൂട്ടർവത്കരണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | കമ്പ്യൂട്ടർവത്കരണ പ്രവർത്തനങ്ങളിലെ നിലവിലുള്ള തടസ്സങ്ങൾ നീക്കുന്നതിനും കാലോചിതമായി സോഫ്റ്റ് വെയർ പരിഷ്കരിക്കുന്നതിനുമുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ